DESPATCHED
On..20/6/22..



# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
തിരുവനന്തപുരം 695 001

E-mail: sic.ker@nic.in

**ഹർജി നമ്പർ AP No. 295(1)/2022/SIC തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം**

**(ഫയൽ നമ്പർ: 5388/SIC-G4/2022)**

(ഉത്തരവുകൾ sic.kerala.gov.in -ൽ ലഭ്യമാണ്)

**സന്നിഹിതൻ**
**ഡോ. വിശ്വാസ് മേത്ത, മുഖ്യ വിവരാവകാശ കമ്മീഷണർ**
**തീയതി : 2022 ജൂൺ 16**

കുമാരി കവിത റ്റി.വി.,
തുപ്പക്കോട്ടുപടിഞ്ഞാറ്റേതിൽ,
കൊക്കാട് പി.ഒ., കൊട്ടാരക്കര,
കൊല്ലം – 691 538.
} അപ്പീൽ ഹർജിക്കാരി

1) സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ,
പരീക്ഷാ കമ്മീഷണറുടെ കാര്യാലയം,
പരീക്ഷാഭവൻ, പൂജപ്പുര,
തിരുവനന്തപുരം.
2) അപ്പീൽ അധികാരി & ജോയിന്റ് കമ്മീഷണർ,
പരീക്ഷാ കമ്മീഷണറുടെ കാര്യാലയം,
പരീക്ഷാഭവൻ, പൂജപ്പുര,
തിരുവനന്തപുരം.
} എതിർകക്ഷികൾ

| | |
|---|---|
| 6(1) അപേക്ഷ സമർപ്പിച്ച തീയതി | 19/11/2021 |
| മറുപടി ലഭ്യമാക്കിയ തീയതി | 27/12/2021 |
| ഒന്നാം അപ്പീൽ അപേക്ഷാ നൽകിയ തീയതി | 16/02/2022 |
| മറുപടി ലഭ്യമാക്കിയ തീയതി | 10/03/2022 |
| രണ്ടാം അപ്പീൽ അപേക്ഷ സമർപ്പിച്ച തീയതി | 31/03/2022 |
| കമ്മീഷനിൽ അപ്പീൽ ലഭ്യമായ തീയതി | 02/04/2022 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 18/04/2022 |
| കമ്മീഷനിൽ റിപ്പോർട്ട് ലഭിച്ച തീയതി | 05/05/2022 |
| ഹിയറിംഗ് നടന്ന തീയതി | 15/06/2022 –വീഡിയോ/ആഡിയോ ഹിയറിംഗ് |
| ഹിയറിംഗ് സാന്നിദ്ധ്യം : അപ്പീൽ ഹർജിക്കാരി:<br>എസ്.പി.ഐ.ഒ. | ഹാജരായി<br>ഹാജരായി |

## ഉത്തരവ്

കുമാരി കവിത റ്റി.വി., കമ്മീഷൻ മുമ്പാകെ സമർപ്പിച്ച അപ്പീൽ ഹർജിയിൽ ബോധിപ്പിച്ചത്, ഹർജിക്കാരി സമർപ്പിച്ച വിവരാവകാശ അപേക്ഷയ്ക്കും, അപ്പീൽ അപേക്ഷയ്ക്കും എസ്.പി.ഐ.ഒ.യും അപ്പീൽ അധികാരിയും ശരിയായ വിവരങ്ങളും പകർപ്പുകളും നൽകിയില്ലെന്നും ആയതിനാൽ വിവരാവകാശ അപേക്ഷയിൽ ആവശ്യപ്പെട്ട 1 മുതൽ 5 വരെയുള്ള ഇനങ്ങളിലായുള്ള വിവരങ്ങളും പകർപ്പുകളും നൽകണമെന്നാണ്.

RIGHT TO INFORMATION

2. ഒന്നാം എതിർകക്ഷി മുമ്പാകെ 19.11.2021-ന് സമർപ്പിച്ച വിവരാവകാശ അപേക്ഷയിൽ ഹർജിക്കാരി ആവശ്യപ്പെട്ടത്, ടിയാളുടെ എസ്.എസ്.എൽ.സി. സർട്ടിഫിക്കറ്റ് സംബന്ധിച്ച താഴെ പറയുന്ന വിവരങ്ങൾ നൽകണമെന്നാണ്:

i. രജിസ്റ്റർ നമ്പർ: 327031, 137107 നമ്പർ പ്രകാരം സർട്ടിഫിക്കറ്റിന്റെ ഡ്യൂപ്ലിക്കേറ്റ് ആവശ്യപ്പെട്ട് അപേക്ഷ ലഭിച്ചിട്ടുണ്ടോ എന്നും

ii. സർട്ടിഫിക്കറ്റിന്റെ ഡ്യൂപ്ലിക്കേറ്റ് ആവശ്യപ്പെട്ട് അപേക്ഷ ലഭിച്ചത് ഏത് വർഷമാണെന്നും

iii. രജിസ്റ്റർ നമ്പർ: 327031, 137107 നമ്പർ പ്രകാരം സർട്ടിഫിക്കറ്റിന്റെ ഡ്യൂപ്ലിക്കേറ്റ് ആവശ്യപ്പെട്ട് ലഭിച്ച അപേക്ഷയും അപേക്ഷയോടൊപ്പം ലഭിച്ച മറ്റ് രേഖകളുടെ പകർപ്പുകളും നൽകണമെന്നും മറ്റുമായി 5 ഇനങ്ങളിലായുള്ള വിവരങ്ങളും പകർപ്പുകളും നൽകണമെന്നാണ്.

3. മേൽപ്പടി അപേക്ഷയ്ക്ക് 27.12.2021 തീയതി ഒന്നാം എതിർകക്ഷി നൽകിയ മറുപടിയിൽ പ്രസ്താവിച്ചത്, ടി രജിസ്റ്റർ നമ്പറുകളിൽ ആരുംതന്നെ പരീക്ഷാഭവന്റെ രേഖകൾ പ്രകാരം ഡ്യൂപ്ലിക്കേറ്റ് സർട്ടിഫിക്കറ്റിനായി പരീക്ഷാഭവനിലേക്ക് അപേക്ഷ നൽകിയിട്ടില്ലെന്നാണ്. തുടർന്ന് ഹർജിക്കാരി രണ്ടാം എതിർകക്ഷി മുമ്പാകെ 16.2.2022 തീയതി സമർപ്പിച്ച അപ്പീൽ അപേക്ഷയിൽ പ്രസ്താവിച്ചത്, ടിയാളുടെ വിവരാവകാശ അപേക്ഷയ്ക്ക് നൽകിയ മറുപടിയിൽ ശരിയായ വിവരങ്ങളും പകർപ്പുകളും നൽകിയിട്ടില്ലെന്നും ആയതിനാൽ അപേക്ഷയിലെ 1 മുതൽ 5 വരെ ഇനങ്ങളിൽ ആവശ്യപ്പെട്ടിട്ടുള്ള വിവരങ്ങളും പകർപ്പുകളും വിവരാവകാശ നിയമപ്രകാരം ഒപ്പും, പേരും, സീലും രേഖപ്പെടുത്തി നൽകണമെന്നാണ്. മേൽപ്പടി അപ്പീൽ അപേക്ഷയ്ക്ക് രണ്ടാം എതിർകക്ഷി 10.03.2022 തീയതി വ്യക്തമായ മറുപടി നൽകിയിട്ടുള്ളതായി കാണുന്നു.

4. രണ്ടാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ 04.5.2022-ന് സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചത്, കുമാരി റ്റി.വി.കവിത സമർപ്പിച്ച അപേക്ഷയിൽ മാർച്ച് 1993 രജിസ്റ്റർ നമ്പർ: 137107, മാർച്ച് 1994 രജിസ്റ്റർ നമ്പർ: 327031 എന്നീ വർഷങ്ങളിലായി എസ്.എസ്.എൽ.സി. പരീക്ഷ എഴുതുകയും സർട്ടിഫിക്കറ്റ് ലഭിച്ചിട്ടുള്ളതായും വിവരാവകാശ അപേക്ഷയിൽ പറയുന്നുണ്ടെന്നും രജിസ്റ്റർ നമ്പറിന്റെ മാത്രം അടിസ്ഥാനത്തിൽ ഡ്യൂപ്ലിക്കേറ്റ് അപേക്ഷ ലഭിച്ചിട്ടുണ്ടോ എന്ന് പരിശോധിക്കാനാവില്ലെന്നും അതിന് അപേക്ഷക എസ്.എസ്.എൽ.സി. പരീക്ഷ എഴുതിയ വർഷം, മാസം എന്നിവ കൂടി ഉൾപ്പെടുത്തി അപേക്ഷ സമർപ്പിക്കേണ്ടതാണെന്നും കുമാരി റ്റി.വി.കവിത 19.11.2021 തീയതി സമർപ്പിച്ച അപേക്ഷയിൽ എസ്.എസ്.എൽ.സി. പാസ്സായ വർഷം, മാസം, രജിസ്റ്റർ നമ്പർ എന്നിവ നൽകിയതിന്റെ അടിസ്ഥാനത്തിലാണ് ടി രജിസ്റ്റർ നമ്പരുകളിൽ ആരുംതന്നെ പരീക്ഷാഭവനിലേക്ക് ഡ്യൂപ്ലിക്കേറ്റിന് അപേക്ഷ നൽകിയിട്ടില്ല എന്നറിയച്ചതെന്നും

ഹർജിക്കാരി 16.2.2022 തീയതി നൽകിയ അപ്പീലിൽ രജിസ്റ്റർ നമ്പർ: 327031, 137107 നമ്പർ പ്രകാരം സർട്ടിഫിക്കറ്റിന്റെ ഡ്യൂപ്ലിക്കേറ്റ് അപേക്ഷയുടെ വിവരങ്ങളാണ് ആവശ്യപ്പെട്ടതെന്നും ഡ്യൂപ്ലിക്കേറ്റ് സർട്ടിഫിക്കറ്റ് ലഭിക്കുന്നതിനുള്ള അപേക്ഷാഫോറത്തിൽ രജിസ്റ്റർ നമ്പർ, വർഷം, മാസം എന്നീ വിവരങ്ങൾ നിർബന്ധമായും ഉൾപ്പെടുത്തിയാണ് അപേക്ഷകൻ അപേക്ഷ നൽകാറുള്ളതെന്നും അല്ലാത്തപക്ഷം ടി വിവരങ്ങൾ ഉൾപ്പെടുത്തി പുന:സമർപ്പിക്കാൻ അപേക്ഷകന് നിർദ്ദേശം നൽകികൊണ്ട് അപേക്ഷയും അനുബന്ധരേഖകളും നിരസിക്കാറുണ്ടെന്നും കുമാരി റ്റി.വി.കവിത വിവരാവകാശ നിയമപ്രകാരം 327031, 137107 എന്നീ രജിസ്റ്റർ നമ്പരുകളിൽ ഡ്യൂപ്ലിക്കേറ്റ് സർട്ടിഫിക്കറ്റിന് ആരെങ്കിലും അപേക്ഷ നൽകിയിട്ടുണ്ടോ എന്നുള്ള ചോദ്യത്തിന് വർഷം, മാസം എന്നീ വിവരങ്ങൾ കൂടി ഉൾപ്പെടുത്തി അപേക്ഷ നൽകിയാലേ വിവരാവകാശ നിയമപ്രകാരം മറുപടി നൽകാൻ കഴിയുകയുള്ളു എന്നുമാണ്.

5. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും ഹിയറിംഗ് വേളയിൽ ഒന്നാം എതിർകക്ഷിയും ഹർജിക്കാരിയും ബോധിപ്പിച്ച വസ്തുതകളും കമ്മീഷൻ പരിശോധിച്ചതിൽ, 137107, 327031 എന്നീ രജിസ്റ്റർ നമ്പരുകളിലുള്ള ഹർജിക്കാരിയുടെ എസ്.എസ്.എൽ.സി. ഡ്യൂപ്ലിക്കേറ്റ് സർട്ടിഫിക്കറ്റിന് ആരെങ്കിലും അപേക്ഷ സമർപ്പിക്കുകയോ ടിയാളുടെ ഡ്യൂപ്ലിക്കേറ്റ് സർട്ടിഫിക്കറ്റ് ആർക്കും തന്നെ നൽകുകയോ ചെയ്തിട്ടില്ലെന്നും കമ്മീഷന് ബോധ്യമാകുന്നു. ഡ്യൂപ്ലിക്കേറ്റ് സർട്ടിഫിക്കറ്റിന് അപേക്ഷ നൽകിയ വർഷം, മാസം എന്നീ വിവരങ്ങൾ ലഭ്യമാക്കിയാലേ കൃത്യമായ പരിശോധന നടത്തി മറുപടി നൽകാൻ കഴിയുകയുള്ളു എന്നാണ് ഒന്നാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ റിപ്പോർട്ട് ചെയ്തിട്ടുള്ളത്. എന്നാൽ ഡ്യൂപ്ലിക്കേറ്റ് സർട്ടിഫിക്കറ്റിനായി സമർപ്പിച്ച അപേക്ഷയുടെ വർഷം, മാസം തുടങ്ങിയ മറ്റ് യാതൊരു വിവരങ്ങളും ഹർജിക്കാരിക്ക് പോലും ബോധ്യമല്ല എന്നതിനാൽ എതിർകക്ഷികൾ ഹർജിക്കാരിക്ക് നൽകിയ മറുപടിയിൽ അപാകതയില്ലെന്ന് വിലയിരുത്തിയും, ടിയാളുടെ ഡ്യൂപ്ലിക്കേറ്റ് സർട്ടിഫിക്കറ്റ് ഉപയോഗിച്ച് മറ്റൊരാൾ ജോലി തരപ്പെടുത്തിയിട്ടുള്ളതായുള്ള ഹർജിക്കാരിയുടെ ആക്ഷേപത്തിന്മേൽ, ബന്ധപ്പെട്ട അധികാരികൾക്ക് പരാതി നൽകി ടിയാൾക്ക് പരിഹാരം തേടാവുന്നതാണെന്ന് നിർദ്ദേശിച്ചുകൊണ്ടും ഈ അപ്പീൽ ഹർജി തീർപ്പാക്കി ഇന്നേ ദിവസം 2022 ജൂൺ 16-ാം തീയതി കമ്മീഷൻ ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഒപ്പ്)
ഡോ. വിശ്വാസ് മേത്ത
മുഖ്യ വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

കമ്മീഷൻ സെക്രട്ടറി

STATE INFORMATION COMMISSION * KERALA, THIRUVANANTHAPURAM *

us

RIGHT TO INFORMATION